29-04-2023

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–29/04/2023.

1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് കാർഷികബ്ലോക്ക് കൃഷി ദർശൻ പരിപാടി ഹരിപ്പാട് ഗവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഈ മാസം 29 വരെ നടക്കുന്നു. കൃഷി ശാസ്ത്രത്തിലെ പുത്തൻ അറിവുകളും സങ്കേതങ്ങളും പകർന്നു നൽകാൻ മൂല്യ വർദ്ധനവിലൂടെ ഓരോ കർഷകനേയും ഓരോ കർഷക സംരംഭകരാക്കുവാൻ "കൃഷി ദർശൻ" സഹായിക്കും. പ്രസ്തുത പരിപാടിയോടനുബന്ധിച്ചു കാർഷിക പ്രദർശനം, കാർഷിക വിജ്ഞാന വ്യാപനം, കാർഷികസെമിനാർ, കൃഷിയിട സന്ദർശനവും കർഷക അദാലത്ത്, കൃഷികൂട്ട സംഗമം എന്നിവ സംഘടിപ്പിച്ചിരിക്കുന്നു. കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഹരിപ്പാട് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ വച്ച് കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കർഷക അദാലത്ത് സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയുടെ സമാപന ദിവസം കൃഷികൂട്ടസംഗമം ഘോഷയാത്രയെ തുടർന്നുള്ള പൊതുസമ്മേളനം ഹരിപ്പാട് എം.എൽ.എ രമേശ് ചെന്നിത്തല അവർകളുടെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നതാണ്.

2. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചേർത്തല സെന്റ് മൈക്കിൾസ് കോളജ് ഗ്രൗണ്ടിൽ 2023 മേയ് 13 മുതൽ 21 വരെ നടത്തുന്ന കാർഷിക വിപണന മേളയായ കരപ്പുറം കാഴ്ചയുടെ നടത്തിപ്പിന്റെ പ്രചാരണാർത്ഥം അനുയോജ്യമായ ലോഗോകൾ തയ്യാറാക്കി സമർപ്പിക്കാം. കരപ്പുറത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി തയ്യാറാക്കുന്ന വികസന രേഖയായ വിഷൻ 2026നും കരപ്പുറം കാഴ്ചക്കുമായി അനുയോജ്യമായ ലോഗോകൾ പൊതുജനങ്ങൾക്ക് തയ്യാറാക്കി 2023 ഏപ്രിൽ 30ന് മുൻപായി സമർപ്പിക്കാവുന്നതാണ്. ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ ഉള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നേരിട്ടോ adacherthala@gmail.com, mediadivisionfib@gmail.com എന്ന ഈ-മെയിലിലോ ലോഗോകൾ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ലോഗോയ്ക്ക് സമ്മാനം ലഭിക്കും.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ അഖിലേന്ത്യ ഏകോപിത ജൈവ കീട നിയന്ത്രണ ഗവേഷണ പദ്ധതിയുടെ ആഭിമുഖ്യത്തിൽ മരച്ചീനിയിൽ മീലിമൂട്ടയുടെ ജൈവ

നിയന്ത്രണത്തിനായി അനാഗൈറസ് പരാദത്തെ കർഷകരുടെ തോട്ടത്തിൽ വിന്യസിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം മാടക്കത്തറ ഗ്രാമ പഞ്ചായത്തിലെ കെ.കെ.സുരേന്ദ്രൻ സ്മാരക ഹാളിൽ വെച്ച്, പഞ്ചായത്ത് പ്രസിഡണ്ട് ഇന്ദിര മോഹനൻറെ അധ്യക്ഷതയിൽ ഐസിഎ ആർ.- എൻ.ബി.എ.ഐ.ആർ. ഡയറക്ടർ ഡോ. എസ്.എൻ.സുശീൽ നിർവഹിച്ചു. തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ പഞ്ചായത്തിലാണ് സംസ്ഥാനത്തു ആദ്യമായി ഈ പദ്ധതി നടപ്പിലാക്കുന്നത് .ജൈവിക രീതിയിലുള്ള കീടനിയന്ത്രണത്തിലൂടെ മാത്രമേ ശാശ്വതമായ കീട നിയന്ത്രണം സാധ്യമാവുകയുള്ളൂ എന്ന് ഡോ. എസ്. എൻ സുശീൽ വ്യക്തമാക്കി . മരച്ചീനി കൃഷിയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന മീലിമൂട്ടയെ അനാഗൈറസ് ലോപ്പസി എന്ന പരാദജീവിയെ ഉപയോഗിച്ച് നിയന്ത്രിക്കുന്നതാണ് പദ്ധതി.

4. വെള്ളാനിക്കര കാർഷിക കോളേജിൽ വിവിധയിനം വാഴകളുടെ ടിഷ്യു തൈകൾ, അലങ്കാര ചെടികൾ, കുറ്റികുരുമുളക് തൈകൾ എന്നിവ വിൽപ്പനക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9048178101 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

5. റബ്ബറിന്റെ വിപണനത്തിലും കയറ്റുമതിരീതികളിലും റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർവിപണി, ഇ-ട്രേഡിങ്, കയറ്റുമതി സാധ്യതകൾ, റബ്ബർവിലയുമായി ബന്ധപ്പെട്ട ഘടകങ്ങൾ, ലൈസൻസിങ്, ഗവണ്മെന്റിന്റെ എക്സിം പോളിസികൾ, വിപണിവികസനത്തിനും കയറ്റുമതി പ്രോത്സാഹനത്തിനുമുള്ള നടപടികൾ എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ടു ദിവസത്തെ പരിശീലനം 2023 മെയ് 11, 12 തീയതികളിൽ കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

## കാർഷിക നിർദ്ദേശങ്ങൾ

മരച്ചീനി നടുന്നതിന് അനുയോജ്യമായ സമയമാണിപ്പോൾ. കുമ്മായമിട്ട് ഒരുക്കിയ നിലത്ത് അടിവളമായി ഒരു മൂടിന് ഒരു കിലോ ഗ്രാം ജൈവവളം ചേർത്തതിനു ശേഷം മരച്ചീനി നടുക.

ഒരു സെന്റ് ഭൂമിയിൽ നടുന്നതിനായി ഏകദേശം 10 കമ്പുകൾ ആവശ്യമായി വരും.

നടീൽ രീതി

കമ്പുകളുടെ തലഭാഗത്തുനിന്നും 30 സെന്റിമീറ്ററും, കടഭാഗത്തുനിന്നും 10 സെന്റിമീറ്ററും നീളം ഒഴിവാക്കിയതിനുശേഷം 15 മുതൽ 20 സെന്റിമീറ്റർ നീളമുള്ള കമ്പുകളാക്കി മുറിക്കുക.

കമ്പുകളുടെ അടിഭാഗം മിനുസപ്പെടുത്തിയതിനുശേഷം 90 സെന്റിമീറ്റർ അകലത്തിൽ ഇവ നട്ടുകൊടുക്കാവുന്നതാണ്.

കമ്പുകൾ നടുമ്പോൾ 4 മുതൽ 5 സെന്റിമീറ്റർ ആഴത്തിൽ നടുന്നതിനായി ശ്രദ്ധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം